# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **2112**      **19/06/2012** ൽ മറുപടിക്ക്

### സിനിമാ തിയറ്ററുകളിലെ ഭക്ഷണശാലകളിലെ അമിത വില

ചോദ്യം

ശ്രീ. കെ.കെ. ജയചന്ദ്രൻ

ഉത്തരം

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(ബഹു. വനവും സ്പോർട്സും
സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മിക്ക സിനിമാ തീയറ്ററുകളിൽ പ്രവർത്തിക്കുന്ന ഭക്ഷണശാലകളിലും ഭക്ഷണ പദാർത്ഥങ്ങൾക്ക് ഇരട്ടിയിലധികം വില ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് അന്വേഷിച്ച് നടപടിയെടുക്കുമോ; | (എ) | ഉണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള സിനിമാ തീയറ്ററിനെതിരെ ഇതു സംബന്ധിച്ച് ലഭിച്ച പരാതിയിൻമേൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് തീയറ്ററുകളെ സംബന്ധിച്ച് അന്വേഷിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സിവിൽ സപ്ലൈസ് വകുപ്പുമായി സഹകരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്. |
| (ബി) | ഇത്തരം ഭക്ഷണശാലകളിൽ നിന്നും പാക്കേജ്ഡ് ഭക്ഷണങ്ങളും പാനീയങ്ങളും എം.ആർ.പി. നിരക്കിൽ ലഭിക്കുന്നതിനുവേണ്ട കർശന നടപടി സ്വീകരിക്കുമോ? | (ബി) | സർക്കാർ ഉടമസ്ഥതയിലുള്ള തീയറ്ററുകളെ സംബന്ധിച്ച പരാതി കളിൻമേൽ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് തീയറ്ററുകളെ സംബന്ധിച്ച് എം.ആർ.പി. നിരക്കിൽ ലഭിക്കുന്നതിനുവേണ്ട കർശന നടപടി സിവിൽ സപ്ലൈസ് വകുപ്പിന്റെ സഹകരണത്തോടുകൂടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ